<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5582</u> <u>13-08-2021 - ൽ മറുപടിയ്ക്ക്</u>

<u>താമരശ്ശേരി ചെറുപ്ലാട് പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | താമരശ്ശേരി താലൂക്കിൽ പുതുപ്പാടി പഞ്ചായത്തിൽ ചെറുപ്ലാട് പ്രദേശത്തെ താമസക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിൽ റീ.സ.നമ്പർ 72/1എ-യിൽപ്പെട്ട 86.86 ഹെക്ടർ വനഭൂമി 1971-ലെ വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് പ്രകാരം പതിച്ച് നൽകുന്നതിനായി റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. ഇതിൽ താമസ യോഗ്യമല്ലാത്ത സ്ഥലങ്ങൾ ഒഴികെ 74 ഹെക്ടർ ഭൂമി 1978-ൽ പതിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ള താമസയോഗ്യമല്ലാത്ത ഭൂമിയും പതിച്ച് നൽകപ്പെട്ട ആൾക്കാർ കൈവശമേൽക്കാത്ത ഭൂമിയും വനംവകുപ്പിന് തിരിച്ചുലഭിക്കേണ്ടതുണ്ട്. ഇത്തരം ഭൂമികളിൽ 1982 മുതൽ ആൾക്കാർ കൈയ്യേറി താമസിക്കുന്നുണ്ട്. പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി 1980-ലെ കൺസർവേഷൻ ആക്ടിനനുസരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങാതെ പതിച്ചു നൽകാൻ പറ്റുകയില്ല. |
| (ബി) | ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം വിശദമാക്കുമോ? | (ബി) | ഇത് പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പ്, 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരമുള്ള നടപടികൾ എടുത്തുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 02.07.2021-ന് കോഴിക്കോട് കളക്ടേറ്റിൽ വെച്ച് നടന്ന യോഗത്തിലും ടി നടപടികൾ ത്വരിതപ്പെടുത്താൻ തീരുമാനമായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ